

ഭാരതസഭയ്ക്കൊരു പൂജാക്രമം

74
.69



DHARMARAM COLLEGE
LIBRARY

ഭാരതസഭയ്ക്കൊരു പൂജാക്രമം

(*Pro Manuscripto*)
DHARMARAM COLLEGE LITURGICAL CENTRE
BANGALORE, APRIL 1974

DHARMARAM COLLEGE LIBRARY
Acc. No 74630
Call No E96/B459



ഭാരതസഭയ്ക്കൊരു പൂജാക്രമം

രണ്ടാം പതിപ്പിന്റെ ആമുഖം

ക്രൈസ്തവ ആരാധനക്രമത്തെ ഭാരതത്തിന്റെ സംസ്ക്കാരത്തോടും തത്ത്വചിന്തയോടും അനുരൂപപ്പെടുത്താനുള്ള ശ്രമം തുടങ്ങിയിട്ട് ഏറെ നാളായി. ഏതാനും വഷ്ങ്ങൾക്കു മുമ്പ് ധർമ്മാരാം കോളേജിൽ പരീക്ഷണാത്മകം ഒരു ദേശീയാരാധനക്രമത്തിനു രൂപം നൽകുകയുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനമനുസരിച്ച് നമ്മുടെ നാടിന്റെ സംസ്കാരം, തത്ത്വചിന്ത, ആരാധനാരീതി, എന്നിവയിൽനിന്നു പ്രചോദനം ലഭിച്ച ക്രൈസ്തവവീക്ഷണത്തിൽ നമ്മുടെ ആരാധനാക്രമത്തെ ദൈവവിജ്ഞാനീയപരമായ സമീപനത്തിലും ഘടനയിലും പ്രതീകാത്മകതയിലും പ്രാർത്ഥനാരീതിയിലും ദേശീയമാക്കാനുള്ള പരിശ്രമത്തിന്റെ ആരംഭമാത്രമായിരുന്നു അതു്. 1969 - മേയ് മാസത്തിൽ ധർമ്മാരാമിൽവച്ച് നടന്ന 'ദേശീയ സെമിനാറി'ൽ പ്രസ്തുത പൂജാക്രമം സെമിനാറംഗങ്ങളുടെ പ്രശംസയ്ക്ക് പാത്രമായി. അന്ന് ഉന്നയിക്കപ്പെട്ട അഭിപ്രായങ്ങളുടേയും, തുടർന്നു നടത്തിയ പഠനങ്ങളുടേയും, പരീക്ഷണങ്ങളുടേയും വെളിച്ചത്തിൽ അതിലെ കുറവുകൾ പലതും പരിഹരിച്ച് രൂപം നൽകിയതാണ് കഴിഞ്ഞ വർഷം ''ഭാരതീയ പൂജാർപ്പണം'' എന്ന പേരിൽ അച്ചടിച്ചിറക്കിയ ഒന്നാം പതിപ്പ്.

ഒന്നാം പതിപ്പ് പുറത്തിറങ്ങിയിട്ട് ആറുമാസം കഴിഞ്ഞിരിക്കയാണ്. ഇതിനകം പല സ്ഥലങ്ങളിൽ തനിച്ചും

സംഘാതമായും ഈ പൂജ പരീക്ഷണാത്ഥം അപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. പലരും അഭിപ്രായങ്ങളും നിദ്ദേശങ്ങളും രേഖപ്പെടുത്തിയിട്ടുമുണ്ട്. മൊത്തത്തിൽ അവയെല്ലാംതന്നെ പ്രോത്സാഹജനകമാണ്. അവയുടെ വെളിച്ചത്തിൽ പൂജാക്രമം ഒന്നുകൂടി പരിഷ്ക്കരിക്കണമെന്നതോന്നി. മാത്രമല്ല, കോപ്പികൾ ആവശ്യപ്പെട്ടവർ വളരെപ്പേരുണ്ടെങ്കിലും ആദ്യപതിപ്പിന്റെ കോപ്പികൾ മുഴുവനും തീന്നിരിക്കയുമാണ്.

ഈ രണ്ടാംപതിപ്പിൽ കുറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കേരളത്തിലെ തിരുക്കർമ്മപാരമ്പര്യങ്ങളും മതപരമായ അനുഷ്ഠാനങ്ങളിൽ ക്കാണുന്ന ഭിന്നമായ അഭിരുചികളും മറ്റും കണക്കിലെടുത്തു, ചില പദപ്രയോഗങ്ങളും, കർമ്മങ്ങളും ഐച്ഛികമാക്കിയിട്ടുണ്ട്. പലരും ആവശ്യപ്പെട്ടതനുസരിച്ച്, പൂജാഘടനയെപ്പറ്റി വിശദമായ വിവരണം ചേർത്തിട്ടുണ്ട്. അപ്രധാനമെന്നു തോന്നിയ ചില വ്യാഖ്യാനക്കുറിപ്പുകൾ (references) വിട്ടുകളഞ്ഞിട്ടുമുണ്ട്. അതുപോലെത്തന്നെ, പൂജയപ്പിക്കുന്ന സമൂഹത്തിന്റെ നന്മയും, സ്വഭാവവും കണക്കിലെടുത്തു, ചില പ്രാത്ഥനകളിലും കർമ്മങ്ങളിലും അവസരോചിതമായ വ്യത്യാസം വരുത്തുവാനുള്ള സ്വാതന്ത്ര്യം ഇവിടെ വൈദികനു നൽകിയിരിക്കുന്നു.

പരിഷ്ക്കരിച്ച ഈ രണ്ടാംപതിപ്പും നാം വിഭാവനം ചെയ്യുന്ന ക്രിസ്തീയ പൂജാക്രമത്തിന്റെ പൂർണ്ണരൂപമാണെന്നു അവകാശപ്പെടുന്നില്ല. വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണത്തിലൂടെ ക്രിസ്തീയപൂജയെ ദേശീയമാക്കാൻ നടന്നുവരുന്ന പരിശ്രമങ്ങളുടെ മുന്നോട്ടുള്ള ഒരു കാൽവെപ്പായിമാത്രം ഇതിനെ കണക്കാക്കിയാൽ മതി. പ്രത്യേക സ്ഥലങ്ങളും സാഹചര്യങ്ങളും, അപ്പുകരുടെയും ആരാധകരുടെയും വൈകാരികവും മാനസികവുമായ ഒരുക്കവും അഭിരുചിയും മറ്റും വിലയിരുത്തിക്കൊണ്ടുവേണം ഈ പൂജയപ്പിക്കുവാൻ.

ഈ പൂജയുടെ ഘടനയെപ്പററി

ഹൈന്ദവപൂജയിൽ കാലദേശവ്യത്യാസമില്ലാതെ ഇന്നും കാണുന്ന ഒന്നാണു് വിപുലവും സാത്ഥകവുമായ ശുദ്ധീകരണകമ്മം: ഭൂമിശുദ്ധി, ജലശുദ്ധി, പീഠശുദ്ധി, ഗന്ധപുഷ്പ ശുദ്ധി, മന്ത്രശുദ്ധി, ദേഹശുദ്ധി, ഇന്ദ്രിയശുദ്ധി, മന:ശുദ്ധി എന്നിങ്ങനെ പോകുന്നു, പൂജയുടെ ഭാഗമായി നടത്തേണ്ട ദീഘ്ല മായ ശുദ്ധീകരണകമ്മങ്ങളാം. തന്മൂലം ഭാരതസഭയുടെ പൂജാക്രമത്തിലും ഒരുക്കത്തിനു് (preparation) വലിയ സ്ഥാനമുണ്ടു്. ഹൈന്ദവപൂജാകമ്മങ്ങളെ അന്ധമായി അനുകരിക്കയല്ല ഇവിടെ. അവയിൽ അന്തർലീനമായ ആശയം സ്വീകരിച്ചു് ക്രിസ്തീയപൂജയുടെ സ്വഭാവത്തിനു ചേരുംവിധം ആവിഷ്ക്കരിച്ചിരിക്കയാണു്. ഇവിടെയും ബാഹ്യമായ ശുദ്ധീകരണകമ്മങ്ങളം വളരെ പരിമിതപ്പെട്ടുത്തിയിട്ടുണ്ടു്.

പല ഘട്ടങ്ങളിലൂടെയാണു് ഈ ഒരുക്കം അനുഭവേദ്യമാകുക. പൂജയുടെ I -ം, I -ം, III -ം ഭാഗങ്ങളിൽ, സജ്ജീകരണത്തിന്റെ പല പടികളായ പീഠസജ്ജീകരണം, അപ്പ കരുടേയും ആരാധകരുടേയും ആത്മവിശുദ്ധീകരണം എന്നിവ പ്രദ്യോതിപ്പിക്കുന്ന കമ്മങ്ങളാണു് നാം കാണുക. IV-ാം ഭാഗത്തു് സമർപ്പണമാണു് പ്രമേയം; ഒരുക്കത്തിന്റെ പാരമ്യമാണതു്. ഇങ്ങനെ ഓരോ ഘട്ടം കഴിയുന്തോറും ഒരുക്കം കൂടുതൽ അഗാധമായും ആന്തരികമായും പരിണമിക്കുന്നു. ഈ വീക്ഷണവും ചൈതന്യവും കമ്മാനുഷ്ഠാനങ്ങളിലും പ്രാത്ഥനകളിലും തെളിഞ്ഞുനില്ക്കുണം. V-ാം നമ്പർ മുഴുവൻ പൂജാപ്രാത്ഥന (Eucharistic prayer) യുടെ ഭാഗങ്ങളാണു്. രണ്ടു് പൂജാപ്രാത്ഥന ചേത്തിട്ടുണ്ടു്. ഏതെങ്കിലും ഒന്നു് ചൊല്ലിയാൽ മതി. ഭാഗം VI-ൽ ദിവ്യപ്രസാദസ്വീകരണവും കൃതജ്ഞതയും, VII-ൽ സമാപനപ്രാത്ഥനകളുമാണു്. വിവിധഭാഗങ്ങളുടെ വ്യാഖ്യാനം താഴെ ചേർക്കുന്നു.

I പൂജാമണ്ഡപസജ്ജീകരണം

പൂജ നിന്നോ, ഇരുന്നോ[1] അപ്പിക്കത്തക്കവണ്ണം പീഠം തയ്യാറാക്കാം. ഏകാഗ്രമായ ചിന്തയും ഭക്തിയുമാണ് നിലപാടിന്റെ (Posture) മാനദണ്ഡം. പൂജാവസ്തു[2] ലളിതവും പ്രതീകാത്മകവുമാകണം. പൂജാഗൃഹം, പൂജാപീഠം, പൂജാപാത്രങ്ങൾ എന്നിവയിന്മേൽ നാടിന്റെ കലാസാംസ്ക്കാരികമൂല്യങ്ങൾ പ്രതിബിംബിക്കണം. പൂജാവേദിയുടെ നടുവിൽ ഭദ്രദീപം[3] (Indian lamp) പൂവിട്ടകളത്തിൽ സ്ഥാപിക്കുന്നതു് വളരെ ഉചിതമാണു്. പീഠത്തിൽ വി. ഗ്രന്ഥവും കുരിശും പൂജ്യമായി സ്ഥാപിച്ചിരിക്കണം. സുഗന്ധദ്രവ്യങ്ങൾ കരുതിയിരിക്കണം. ബാഹ്യമായ ശുദ്ധീകരണത്തിലും ആന്തരികശുദ്ധി പ്രദ്യോതിപ്പിക്കുന്ന കാര്യത്തിലും അവസ്സു് വലിയ പങ്കുണ്ടു്.

II ആതു്മസജ്ജീകരണം:
(Interior Preparation)

വേണ്ട ഒരുക്കത്തോടും വിചാരശുദ്ധിയോടുംകൂടെ പൂജാമണ്ഡപത്തിൽ എത്തുന്ന പുരോഹിതൻ ആദ്യം പൂജാവേദിയിലും ആരാധകരുടെമേലും പനിനീർ തെളിച്ചു് പവിത്രമാക്കുന്നു.

a. ഭദ്രദീപപൂജ (Lighting the Indian Lamp)

നടുവിൽ സ്ഥാപിച്ചിരിക്കുന്ന നിലവിളക്കു കൊളുത്തുക, അത്മസൂചകമായ കർമ്മമാണു്. നിത്യപുരോഹിതനും പിതാവിന്റെ സാക്ഷിയും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനുമായ ക്രിസ്തുവിനെ ഈ ദീപം സാത്മകമായി അഭിവ്യഞ്ജിപ്പിക്കുന്നു. തന്മൂലം ദീപത്തിനു് പതിവുള്ള ആചാരം കാണിക്കുന്നതു് ഉചിതമാണു്.

b. വന്ദനകീർത്തനം

ദൈവത്തെ ധ്യാനിച്ചു് കൈകൂപ്പി അവിടത്തേയ്ക്കു് വന്ദനമർപ്പിക്കുന്ന കർമ്മമാണിതു്. പാടുകയോ, ചൊല്ലുകയോ ചെയ്യാൻ രണ്ടു രീതിയും നിർദ്ദേശിച്ചിട്ടുണ്ടു്. തുടർന്നു വരുന്ന ഗാനസമയത്തു് ത്രിത്വത്തിലെ മൂന്നാളുകളെയും

അനുസ്മരിച്ചുകൊണ്ട് ധൂപം (സദ്ഗുപം), ദീപം (ചിദ്രൂപം), പുഷ്പം (ആനന്ദരൂപം) എന്നിവകൊണ്ടുള്ള ആരതി വെവ്വേറെ നടത്തുന്നതു് പ്രതീകാത്മകമാണു്.

c. **ശാന്തികർമ്മം** (Commemoration & Peace)

ഒരുക്കത്തിന്റെ രണ്ടാം ഘട്ടം അവസാനിക്കുക ആദിഗുരുവിനെയും[4] പിതൃജനങ്ങളെയും, മറ്റുഗുരുജനങ്ങളെയും ഭക്തിപൂർവ്വം അനുസ്മരിച്ചു് സഹായം പ്രാർത്ഥിച്ചുകൊണ്ടാണു്. അവരുടെ ആത്മീയസാന്നിദ്ധ്യത്തിലാണു് അനുതാപപ്രകരണവും സമാധാനാശംസയും നടത്തുന്നതു്.

III വചനപൂജ
(Liturgy of the Word)

ഒരുക്കം പൂർണ്ണമാകുന്നതു് വചനപൂജയിലൂടെയാണു്. ഇതിന്റെ ഭാഗങ്ങളാണു്;–

a. **പ്രസ്താവം** (Proclamation): വേദഗ്രന്ഥങ്ങളിൽ നിന്നു് പ്രസക്തമായ ഭാഗങ്ങൾ വായിക്കുക.

b. **പ്രവചനം** (Homily): വചനം വ്യാഖ്യാനിക്കുക.

c. **ധ്യാനം** (Sharing): വചനത്തെ അനുഭവിക്കുക; അനുഭവം പങ്കുവയ്ക്കുക. തുടർന്നു് ഭജനങ്ങളാലപിച്ചുകൊണ്ടു് മനസ്സും ബുദ്ധിയും ദൈവത്തിൽ ഏകാഗ്രമാക്കുക.

IV സമർപ്പണം (Offering)

സമർപ്പണം, അതിന്റെ ശരിയായ അർത്ഥത്തിൽ, നടക്കുന്നതു് പൂജാപ്രാർത്ഥനയിൽ (Eucharistic prayer) ബലിവസ്തുവായ ക്രിസ്തുനാഥന്റെ കൗദാശികസാന്നിദ്ധ്യത്തിനു ശേഷമാണു്. പിതാവിനു് പ്രീതിജനകമായ കാഴ്ച, സ്വയം ഹോമമായ പുത്രൻതന്നെ. അവിടെ പുത്രനെയും പുത്രനോടു് താദാത്മ്യം പ്രാപിച്ച തങ്ങളെയും ആരാധകർ പിതാവിനു് സമർപ്പിക്കുന്നു.

a. **മാനസപൂജ** (Self offering): പ്രസ്തുത സമർപ്പണത്തിന്റെ സൂചനയാണു് മാനസപൂജ. മുമ്പു് ഒന്നും രണ്ടും മൂന്നും ഭാഗങ്ങളിൽ നാം കണ്ട ഒരുക്കം പൂർത്തിയാക്കി ഈശ്വരനിൽ ലീനമായ ആത്മവത്തയെ ആരാധകർ അവി

ടത്തേയ്ക്ക് കാഴ്ചവയ്ക്കുന്നു. ഈ ആത്മപൂജ, പൂജാവസ്തുക്കൾ (അപ്പവും വീഞ്ഞും) അപ്പിച്ചുകൊണ്ട് പ്രതീകാത്മകമായി നിവ്വഹിക്കുന്നു.

b. **പീഠപൂജ** (Altar offeriug): തുടർന്നുവരുന്ന തിരുക്കർമ്മത്തിലൂടെ (consecreation) ഈശ്വരസാന്നിധ്യം പീഠത്തിൽ പൂർണ്ണമാകുവാൻ പോകുന്നു എന്നതിന്റെ സൂചനയായി, പീഠത്തിൽ പൂജാവസ്തുക്കൾ വച്ചിരിക്കുന്ന താലത്തിനു ചുറ്റും പൂക്കൾ (എട്ടു പൂക്കൾ) അപ്പിക്കുന്നു. എട്ടു ദിക്കുകളിൽനിന്നും വിശ്വത്തെ മുഴുവൻ പീഠത്തിൽ സന്നിഹിതമാക്കുന്നതിന്റെ സൂചനയായി ഈ പൂക്കളെ പരിഗണിക്കാം.

മലബാർ കുർബ്ബാനയിൽ ബലിയുടെ പ്രധാനഭാഗത്തു ''ശോശപ്പാ'' മടക്കി പൂജാപാത്രങ്ങൾക്കു ചുറ്റുംവയ്ക്കുന്നതിനു സമാന്തരമായ കർമ്മമായും ഇതിനെ കണക്കാക്കാം

V പൂജാപ്രാർത്ഥന
(Eucharistic Prayer)

a. **മന്ത്രോച്ചാരണം** (Recalling salvation history)

ഹൈന്ദവപൂജയിൽ ഇഷ്ടദേവതയെ ഭക്തിപൂർവ്വം വിളിച്ചുവരുത്തുന്ന (ആവാഹിക്കുന്ന) കർമ്മമാണ് ആവാഹനം. പൂജാകർമ്മത്തിൽ, ഒരുപക്ഷേ, ഇതാണ് ഈശ്വരസാന്നിധ്യത്തിന്റെ ഉദ്ഗീത, (ഉത്തമഗീത). നമ്മുടെ പൂജയിലാകട്ടെ, ദൈവസാന്നിധ്യം ഉപര്യുപരി അനുഭവവേദ്യമാക്കുന്ന രക്ഷാകര ചരിത്രസ്മരണയാണ് ഉദ്ഗീത, അഥവാ പൂജാപ്രാർത്ഥന.

b. **സ്ഥാപനവചസ്സുകൾ** (Institution words)

രക്ഷാകര ചരിത്രത്തിന്റെ പ്രധാന ഭാഗമാണല്ലോ കൂദാശാവചനങ്ങളും ഭക്തിപൂർവ്വം ജപിക്കുന്ന കർമ്മം. അപ്പോഴാണ് പീഠത്തിൽ കൗദാശികമായ ദിവ്യസാന്നിദ്ധ്യം പരകോടിയിലെത്തുക.

c. **നൈവേദ്യം** (Memorial & oblation)

ഭക്തിപൂർവ്വം നിവേദ്യസാധനങ്ങളും ദേവനു സമർപ്പിക്കുന്ന കർമ്മമാണ് നൈവേദ്യം. ഹിന്ദുഭക്തൻ ഈശ്വരനു

ആത്മാച്ചന നടത്തുന്ന മുഹൂർത്തമാണത്. സമാന്തരമായി, നമ്മുടെ പൂജയിൽ യേശുനാഥന്റെ കൗദാശിക സാന്നിദ്ധ്യംകൊണ്ട് പവിത്രമായ അപ്പവും വീഞ്ഞും (അവിടത്തെ ശരീരരക്തങ്ങളും) പിതാവിനു പ്രീതിയാർന്ന നൈവേദ്യമായിത്തീരുന്നു. ഈ ദിവ്യനൈവേദ്യം പിതാവിനു സമർപ്പിക്കുന്നതോടൊപ്പം യേശുദേവനോടു താദാത്മ്യം പ്രാപിക്കാൻ ആരാധകർ പ്രാർത്ഥിക്കയും ചെയ്യുന്നു.

d. **അർത്ഥന** [Intercessions]

ഇപ്രകാരം സംപ്രീതനായ പിതാവു് ആരാധകരെ അനുഗ്രഹിക്കും, തീർച്ച. അതുകൊണ്ടു് ദൃഢമായ പ്രതീക്ഷയോടും ഭക്തിയോടുംകൂടി അവർ തങ്ങളുടെ ആഗ്രങ്ങളും ആവശ്യങ്ങളും തിരുമുമ്പിലുണർത്തിക്കുന്നു.

e. **സമാഗമം** [Epiclesis]

ഈശ്വരന്റെ ആനന്ദവും സംപ്രീതിയും ''രൂപമെടുത്ത'' പവിത്രാത്മാവിന്റെ സമാഗമത്തോടുകൂടി പൂജയുടെ ലക്ഷ്യം പൂർണ്ണമാകുന്നു; ആരാധകർ ആ ദിവ്യ ചൈതന്യംകൊണ്ടു് നിറഞ്ഞു് രക്ഷാകര രഹസ്യത്തിന്റെ പ്രവാചകരായി പരിണമിക്കുന്നു; അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു.

f. **പ്രസന്നപൂജ** [Formal Doxology]

സർവ്വേശ്വരനു് ഇഷ്ടപ്പെട്ടി പൂജയർപ്പിക്കാൻ കഴിഞ്ഞ അപ്പുകർ തികച്ചും ഭാഗ്യവാന്മാരാണു്. അവരുടെ ആനന്ദം, ത്രീഏകദൈവത്തിനു് സ്തുതിസ്തോത്രങ്ങളും അർപ്പിക്കുന്നതുവഴി പ്രകടമാക്കുന്നു. ഇതു് കൂടുതൽ വ്യക്തവും ഭക്തിനിർഭരവുമാക്കുന്നതിനു് ധൂപം, ദീപം, പുഷ്പം എന്നിവകൊണ്ടുള്ള ആരതി ഒപ്പം നടത്തുന്നതു് സമുചിതമാണു്.

സൂചന: ഇതോടെ പൂജയുടെ പ്രധാനഭാഗമായ പൂജാപ്രാർത്ഥന അവസാനിക്കുന്നു. ഈ പൂജാക്രമത്തിൽ രണ്ടു പൂജാപ്രാർത്ഥനകളും ചേർത്തിട്ടുണ്ടു്.

VI പരമപ്രസാദം
[Communion & thanks givings]

തിരുസുതന്റെ ശരീരരക്തങ്ങളായ പരമപ്രസാദം

പിതാവിൽനിന്നു് ആരാധകർ സ്വീകരിക്കുന്നു; പൂജവഴി സാധിതമായ മനുഷ്യരക്ഷയും ധർമ്മപുനഃസ്ഥാപനവും ആരാധകരിൽ കൗദാശികമായി ഫലമണിയുന്നു. ഈ മഹാദാനത്തിനു അവിടത്തേക്കു കൃതജ്ഞത അർപ്പിക്കയും ചെയ്യുന്നു.

VII സമാപനം
[Blessing & mission]

''ഭഗവാൻ സംതൃപ്തനായി സാനന്ദം യഥാസ്ഥാനത്തേക്കു യാത്രയായാലും'' എന്നുപറഞ്ഞു് മന്ത്രം ചൊല്ലി, പീഠത്തിൽ ആവാഹിതനായിരുന്ന ഇഷ്ടദേവതയെ യാത്രയാക്കുന്ന (ഉദ്വസിക്കുന്ന) കർമ്മമാണു് ഉദ്വാസനം. പ്രതിഷ്ടയില്ലാത്ത അമ്പലങ്ങളിൽ പൂജ കഴിഞ്ഞാൽ ഈശ്വരസാന്നിധ്യം അവസാനിച്ചു.

എന്നാൽ, നമ്മുടെ പൂജ തീർന്നാലും ദിവ്യപേടകത്തിൽ പരിശുദ്ധ സാന്നിധ്യം ഉണ്ടല്ലോ. ഇപ്രകാരം ചിന്തിക്കുമ്പോഴും പൂജയുടെ അവസാനം യാത്രയാകുന്നതു് ഈശ്വരനല്ല, ആരാധകരാണു് എന്നുവരുന്നു. (പ്രതിഷ്ടയുള്ള അമ്പലങ്ങളിൽ, സാധാരണ നടത്തുന്ന പൂജയുടെ അവസാനം ഔപചാരികമായ ഉദ്വാസനകർമ്മം കാണുന്നില്ല. ഇതു് ദൈവസാന്നിധ്യത്തെപ്പറ്റിയുള്ള ക്രൈസ്തവ ചിന്തയോടടുത്തുവരുന്നു). പീഠസ്ഥനായ ദൈവത്തോടും അതിലുപരി പൂജയണയ്ക്കാൻ ഒന്നിച്ചുകൂടിയ ദൈവജനസമൂഹത്തോടും [assembly of the people of God] ഓരോ ആരാധകനും യാത്ര പറയുന്നു. അതോടൊപ്പം, തുടർന്നുള്ള ജീവിതത്തിൽ ദൈവസംപ്രീതി യുണ്ടാകാൻ പ്രാർത്ഥിച്ചുകൊണ്ടും അവിടത്തേക്കു സാക്ഷ്യം വഹിക്കാമെന്നു് പ്രതിജ്ഞ ചെയ്തുകൊണ്ടും, ശാന്തിയും സമാധാനവും ആശംസിച്ചുകൊണ്ടും ആരാധകർ പിരിയുന്നു.

31 - 3 - 74
Bangalore

Director
Liturgical Centre
Dharmaram

ഭാരതസംഭാഷണോത്സവം പൂജാക്രമം

I പ്രവേശനം

[പൂജാവസ്തുമണിഞ്ഞ് പുരോഹിതനും ശുശ്രൂഷികളും സജ്ജമാക്കിയിരിക്കുന്ന ബലിവേദിയിലേയ്ക്ക് പുറപ്പെടുന്നു. തത്സമയം സമൂഹം താഴെ കൊടുത്തിരിക്കുന്ന ഗാനം പാടുന്നു.]

സൂചന: ആഘോഷാവസരങ്ങളിൽ താലത്തിൽ പൂക്കളും മറ്റു പൂജാവസ്തുക്കളും സംവഹിച്ചുകൊണ്ട് പ്രദക്ഷിണമായി ബലിവേദിയിലേക്ക് പോകാം.

ഗാനം

നിത്യകവാടം തുറന്നാലും
ഭൂതലം നിന്നൊളി കാണട്ടെ
തൈജസ പൂർണ്ണിമ നീയല്ലോ
താപസ പാപമയം ഞങ്ങൾ
നീക്കണമേ നിന്നാവരണം
നിന്മുഖമൊന്നിവർ കാണട്ടെ[4]
-നിത്യക.....

OR

നിത്യപിതാവേ കനിഞ്ഞാലും
പൂജസ്വീകരിയുന്നീ ദാസരിൽ
സൃഷ്ടിയാം ആദിമയജ്ഞവും[5]
പൂർണ്ണമാം കാൽവരി യാഗവും
ഓർക്കണമേ; ഈ പൂജാകർമ്മം
ഞങ്ങൾക്കനുഗ്രഹമാകട്ടെ
-നിത്യപി.....

II ആത്മസജ്ജീകരണം

[പൂജാവേദിയിൽ പ്രവേശിച്ച് ഏതാനും നിമിഷം കൈകൂപ്പി പ്രാർത്ഥനാനിമഗ്നരായി നിന്നതിനുശേഷം ബലിപീഠത്തിനു് താണുതൊഴുതു് വന്ദനമർപ്പിക്കുന്നു. അനന്തരം നിവർന്നു് പുരോഹിതൻ ജപിക്കുന്നു.]

പുരോ: ഓം[6] ശാന്തി !ശാന്തി! ശാന്തി![7]

[പുരോഹിതൻ കൈ കഴുകി ചന്ദനം (കളഭം) നെറ്റിയിൽ പൂശുമ്പോഴും ചൊല്ലുന്നു.]

പുരോ: സച്ചിദാനന്ദ സ്വരൂപനായ സർവ്വേശ്വരാ/ (സമൂഹം തുടരുന്നു) നിർമ്മലഹൃദയത്തോടും പരിശുദ്ധ ഭാവനയോടുംകൂടെ ഈ പാവനകർമ്മം നിർവ്വഹിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

[ബലിപീഠിയിൽ പനിനീർ തളിച്ചുകൊണ്ടു് ചൊല്ലുന്നു.]

പുരോ: അരൂപനായ നിന്നെ ആവാഹിക്കുകയും/ അപരിമിതനായ നിന്നെ സ്വീകരിക്കുകയും ചെയ്യുന്ന/ ഈ പൂജാവേദി/ കാൽവരിയിലെ യാഗവേദിപോലെ പരിശുദ്ധമാകട്ടെ.

[ആരാധകരുടെമേൽ പനിനീർ തളിച്ചുകൊണ്ടു് ചൊല്ലുന്നു.]

പുരോ: നിന്റെ പ്രസാദമാകുന്ന ദിവ്യതീർത്ഥത്താൽ (സമൂഹം തുടരുന്നു) അപ്പുക്കരായ ഞങ്ങളും ധന്യരാകട്ടെ.

[ആത്മസജ്ജീകരണവരത്തിന്റെ ഈ പ്രാരംഭ ഭാഗം സാധാരണ അവസരങ്ങളിൽ ഉപേക്ഷിക്കാവുന്നതാണു്.]

a. ഭദ്രദീപം കൊളുത്തൽ.
[Lighting the Indian lamp]

[പൂക്കളും നിറച്ച താലത്തിൽ ഒരു ചെറിയ ദീപം കത്തിച്ചുവെച്ചു് ശുശ്രൂഷി പുരോഹിതനു കൊടുക്കുന്നു. പുരോഹിതൻ താലം ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു.]

പുരോ: സ്രഷ്ടാവായ ദൈവത്തിനും സൃഷ്ടികളായ ഞങ്ങൾക്കും ഏകമദ്ധ്യസ്ഥനായ[8] ക്രിസ്തുനാഥാ, നിത്യം ജ്വലിക്കുന്ന സ്വർഗ്ഗീയ ദീപമേ, ഈ ദീപനാളംപോലെ, സ്നേഹത്താൽ എരിയുന്ന ഞങ്ങളുടെ ഹൃദയം കാഴ്ചയായി തിരുമുമ്പിൽ അർപ്പിക്കുന്നു.

[അനന്തരം പുരോഹിതൻ താലം ബലിപീഠത്തിന്റെയും ആരാധകരുടെയും നേരെ നീട്ടി ആരതി നടത്തിയശേഷം തളികയിലെ ദീപംകൊണ്ട് നിലവിളക്ക് [Indian lamp] കത്തിക്കുന്നു. അപ്പോഴം സമൂഹം ചൊല്ലുന്നു.]

സമൂ: സനാതനപ്രകാശമേ,[9] ദിവ്യാവിഷ്കരണത്തിന്റെ പൂർണ്ണിമയേ, സകലരെയും പ്രകാശിപ്പിക്കുന്ന നിന്റെ ദിവ്യദീപ്തിയാൽ ഞങ്ങളം പ്രകാശിതരാകട്ടെ.

[ഈ സമയത്തു് പുരോഹിതൻ ഈശ്വരസാക്ഷിയായദ്ദേ ദീപത്തിനു മുകളിൽ കൈകളം പിടിച്ചശേഷം, അവ മുഖം മറയത്തക്കവണ്ണം നെറ്റിയിൽതൊട്ട് വണക്കം കാണിക്കുന്നു. [10] സൗകര്യമുണ്ടെങ്കിൽ ജനങ്ങൾക്കുതുടർന്ന് ഇതു ചെയ്യാം. ഈ സമയത്തെല്ലാം സമൂഹംതാഴെകൊടുക്കുന്ന ഗാനം പാടിക്കൊണ്ടിരിക്കുന്നു.]

സൂചന: [ഈ ദീപവണക്കം ഐച്ഛികമാണു്.]

ഗാനം

പൂർണ്ണസനാതന സത്യപ്രകാശമേ
യേശു, നിൻ പാദമെന്നാലംബമേ
കൂരിരുളാന്നൊരു ഭൂതലസീമയിൽ
വാരൊളി വീശിയ വാനദീപം
യേശു, നിൻ പാദമെന്നാലംബമേ

-പൂർണ്ണ.....

OR

ഗാനം

ദിവ്യപ്രകാശമേ, ജീവിതജ്യോതിസ്സേ,
മാമക ചേതസ്സിൽ തേജസ്സേ, വെൽകനീ!
ശാന്തിസംദായകാ, ചിദ്രൂപദീപമേ,
വിശ്വവിശാലമാം കാന്തിപ്രകഷ്മേ,
ദൈവിക ജ്ഞാനത്തിൻ സാഗരമാണനീ;
മാനവമാനസ ചൈതന്യമാണനീ;
സ്നേഹത്തിൽ മൂർത്തിമദ്ഭാവമായ് വെൽകനീ
-ദിവ്യപ്ര.....

b. വന്ദന കീർത്തനം

[ദിവ്യപൂജയുടെ പ്രത്യേക നിയോഗം ഇവിടെ സൂചിപ്പിക്കുന്നതു് അഭിലഷണീയമാണു്. ഇരുന്നാണു് പൂജയപ്പിക്കുന്നതെങ്കിൽ പുരോഹിതൻ ഇതുമുതൽ സമൂഹത്തിനെറ പക്കലേക്കു തിരിഞ്ഞു് പീഠത്തിനു മുമ്പിലായി ഇരുന്നുകൊണ്ടു് കുമ്മങ്ങൾ ചെയ്യുന്നു. സമൂഹത്തിനു് ഇരിക്കുകയോ നിൽക്കുകയോ ചെയ്യാം. വേണ്ട നിർദ്ദേശം ശുശ്രൂഷി നൽകിയാൽ മതി.]

പുരോ:- ഓം പിതാപുത്രപവിത്രാത്മനേ നമ:
സദാ സച്ചിദാനന്ദ 11 പ്രഭാവായ നമ:
ത്രിയേക സത്യസ്നേഹ സ്വരൂപായ
നമോ, നമോ, നമ:

OR

പിതാവിനും പുത്രനും പവിത്രാത്മാവിനും വന്ദനം:
സച്ചിദാനന്ദ സ്വരൂപമേ വന്ദനം
ത്രിഏക ദൈവമേ വന്ദനം, വന്ദനം;

[തുടർന്നു് സമൂഹം താഴെ ചേർക്കുന്ന ഗാനം പാടുന്നു. ഈ ഗാനസമയത്തു്, ആഘോഷാവസരങ്ങളിൽ ത്രിത്വത്തിലെ മൂന്നാളുകൾക്കു് ധൂപ- ദീപ- പുഷ്പ- ആരതി വെവ്വേറെ അർപ്പിക്കുന്നതു് പ്രതീകാത്മകമാണു്.]

ഗാനം

ഓം ജഗദീശ്വര സദാപിചിന്മയ[12]
ജഗദീശ്വര വന്ദേ
ഓം പരിപൂജിത പരാപരാത്മാ
അനവരതം വന്ദേ- ഓം ജഗ...

OR

സകലചരാചര സ്രഷ്ടാവേ
സമസ്തലോകനിയന്താവേ
ജയ ജയ മാനവ ഹൃദയേശാ
ജഗൽപിതാവേ ജയ ജയ ജയ്
പരമപദം തൊഴുമാത്മാവിൽ
ചൊരിയണമേ നിൻവരനിരകം

c. ശാന്തികർമ്മം
[Commemoration and Peace]

പുരോ:- നമുക്കെല്ലാവക്കുംവേണ്ടി അപ്പിക്കപ്പെടുന്ന ഈ ബലിയിൽ സർവ്വേശ്വരൻ പ്രസാദിക്കുമാറാകട്ടെ. മാതാവായ കന്യകാമറിയത്തിന്റെയും ആദിഗുരുവായ തോമാശ്ലീഹായുടെയും [13] (ദിവസത്തെ മദ്ധ്യസ്ഥനായ / മദ്ധ്യസ്ഥയായ...) അനുഗ്രഹാശിസ്സുകളും നമുക്കുണ്ടാകട്ടെ.

സമൂ:- പ്രവാചകന്മാരെയും ശ്ലീഹന്മാരെയും വേദസാക്ഷികളെയും പിതൃജനങ്ങളെയും കൈവല്യം പ്രാപിച്ച മഹാത്മാക്കളെയും നമുക്കനുസ്മരിക്കാം. അവരുടെ സംരക്ഷണം ഈ പൂജാവേദിയിൽ നമുക്കുണ്ടാകട്ടെ.

പുരോ:- (ഏതാണ്ട് താഴെ കൊടുത്തിരിക്കുന്നവിധം, സമൂഹത്തെ അനുതാപത്തിനു് ഒരുക്കുന്നു)

എല്ലാം അറിയുകയും കാണുകയും ചെയ്യുന്ന ദൈവത്തിനു മുമ്പിൽ നമുക്കു് നമ്മുടെ മനസ്സും ഹൃദയവും തുറന്നു

വയ്ക്കാം. ചെറുതും വലുതുമായ, വ്യക്തിപരവും സംഘാതവുമായ, നമ്മുടെ പാപക്കറകളും അനുതാപക്കണ്ണീരുകൊണ്ട് കഴുകിക്കളയാം. (മൗനം)

പുരോ:- ദയാപരനായ സർവ്വേശ്വരാ (സമൂഹം തുടരുന്നു) നിന്നോടും നിന്റെ ജനത്തോടും ഞങ്ങൾ അപരാധം ചെയ്തു. ശത്രുതയും വിദ്വേഷവും നീക്കി ഞങ്ങളുടെ ഹൃദയങ്ങളെ പവിത്രമാക്കുകയും നിന്റെ സ്നേഹിതരുടെ സമൂഹത്തിൽ ഞങ്ങളെ സ്വീകരിക്കുകയും ചെയ്യേണമേ.

(അനുതപിച്ച് സമൂഹം തല കുനിക്കുമ്പോൾ പുരോഹിതൻ ആശീർവ്വാദത്രുപത്തിൽ കൈ ഉയർത്തി ചൊല്ലുന്നു.)

പുരോ:- പാപികളെ സ്വീകരിക്കുന്ന കരുണാനിധിയായ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ!
ദൈവം നമ്മോട് ക്ഷമിച്ചതുപോലെ നമുക്കും പരസ്പരം ക്ഷമിച്ചുകൊണ്ട് സമാധാനം ആശംസിക്കാം.

(എല്ലാവരും ''ശാന്തി'' എന്നു കൈകൂപ്പി പരസ്പരം പറയുന്നു)

പുരോ:- ജീവന്റെ ഉറവിടമായ സർവ്വേശ്വരാ, (സമൂഹം ചേരുന്നു) പാപമാലിന്യം കഴുകിക്കളഞ്ഞ് ഞങ്ങളുടെ ഹൃദയങ്ങളെ നിർമ്മലമാക്കുകയും അങ്ങിലേക്കുള്ള വഴിത്താരതുറന്നു തരികയും ചെയ്ത അങ്ങയോട് ഞങ്ങൾ നന്ദി പറയുന്നു.

III വചനപൂജ
[Liturgy of the word]

[പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന വി. ഗ്രന്ഥത്തിനു ധൂപാരതി അർപ്പിച്ചുകൊണ്ട്.]

പുരോ:- നിന്റെ ദർശനം പ്രതീക്ഷിച്ചു കഴിയുന്ന മനുഷ്യവംശത്തിനു വചനങ്ങളും പ്രവൃത്തികളും വഴി നാനാവിധത്തിൽ സ്വയം വെളിപ്പെടുത്തിയ14 സർവ്വേശ്വരാ,

നിത്യജീവൻ പകരുന്ന ദിവ്യവചനം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. 15

സമൂ:- വേദങ്ങൾക്കാധാരവും ഋഷിമാരുടെ പ്രചോദനവും 16 യുഗങ്ങളുടെ പ്രതീക്ഷയുമായ വചനം പ്രഘോഷിക്കുവാൻ 17 ഞങ്ങൾ ശക്തരാകട്ടെ!

a. പ്രസ്താവം

[വി. ഗ്രന്ഥപാരായണം.]

[ശുശ്രൂഷി വി. ഗ്രന്ഥം എടുത്ത് കനിഞ്ഞുനിൽക്കുമ്പോൾ പുരോഹിതൻ അനുഗ്രഹിച്ചുകൊണ്ട് ചൊല്ലുന്നു.]

പുരോ:- ദിവ്യവചനം പ്രഘോഷിക്കുവാൻ ക്രിസ്തുഭഗവാൻ അനുഗ്രഹിക്കട്ടെ.

[ഉചിതമെന്നു തോന്നുന്നെങ്കിൽ ഇതര വേദഗ്രന്ഥഭാഗങ്ങളും വായിക്കാം]

പുരോ:- [വി. ഗ്രന്ഥം കൈയിലെടുത്തു പാടുന്നു / ചൊല്ലുന്നു]

ഗാനം

സ്വയം ജ്യോതിരൂപാ
ചിതാനന്ദസാരാ,
മനോദീപ്തി നൽകും
വിവേകം തരു നീ;
തമോതാശകാ, വിൺ-
പ്രകാശം തരേണം
അജാതാ നിതാന്താ
സുചൈതന്യ മേകൂ.

OR

ലോകൈക 18 ഗുരുവായ ക്രിസ്തുനാഥാ

[സമൂഹം ചേരുന്നു]

അസത്യത്തിൽനിന്നു സത്യത്തിലേക്കും 19
ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും
മരണത്തിൽനിന്നു് മരണമില്ലായ്മയിലേക്കും
നിന്റെ വചനശക്തിയാൽ
ഞങ്ങളെ നയിക്കേണമേ

പുരോ:- [വി. ഗ്രന്ഥംകൊണ്ടാശീർവ്വദിച്ചുകൊണ്ടു്]

ക്രിസ്തുനാഥന്റെ ശാന്തിയും സമാധാനവും നമ്മിൽ സമൃദ്ധമാകട്ടെ.

[തുടന്നു് പുരോഹിതൻ വായനഭാഗം പറഞ്ഞുകൊണ്ടു് പ്രസക്തമായ ഭാഗം വായിക്കുന്നു. വായനകഴിഞ്ഞു് പുസ്തകം നെറ്റിയിൽ തൊട്ടു് വന്ദിച്ചു് പീഠത്തിൽ വയ്ക്കുന്നു.]

b. പ്രവചനം

[പുരോഹിതൻ വചനം വ്യാഖ്യാനിക്കുന്നു.]

c. ധ്യാനം

[വചനം ധ്യാനിക്കുന്നു; സമൂഹം അനുഭവം പങ്കുവയ്ക്കുന്നു. അനന്തരം താഴെവരുന്ന ഭജനമാലപിക്കുന്നു.]

ഭജന

യേശുദേവ സദാ സ്തോത്രം
യേശുദേവ സദാ സ്തുതി
യേശുദേവ സദാ സ്തോത്രം
സദാ ദേവന്നു കീർത്തനം. യേശു...

OR

സർവ്വേശ വചന മനന്തം
സദ്ഗാത്മ സ്നേഹ വികാരം
കൈവല്യ ദായക വചനം;
കൂപ്പുന്നു ഞാൻ തിരുമുമ്പിൽ

IV അർപ്പണം
[Offering]

[പ്രസ്തുത ഗീതമാലപിച്ചുകൊണ്ടിരിക്കുമ്പോൾ പൂജാദ്രവ്യങ്ങൾ ഒരുക്കുന്നു. മറ്റു കാഴ്ചവസ്തുക്കളുണ്ടെങ്കിൽ അവയും ബലിപീഠത്തിനടുത്തു് ഉചിതമായ രീതിയിൽ വയ്ക്കുന്നു.]

a. ആത്മപൂജ

[അപ്പവും വീഞ്ഞും ഉയർത്തിപ്പിടിച്ചുകൊണ്ടു് ചൊല്ലുന്നു.]

പുരോ: നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വയം പ്രദാനം ചെയ്ത സർവ്വേശ്വരനു് നമ്മെ മുഴുവനും സമർപ്പിക്കാം.

[സമൂഹം താഴെ വരുന്ന കീർത്തനം ആലപിക്കുന്നു. സാധാരണ അവസരങ്ങളിൽ ഈ കീർത്തനം ഉപേക്ഷിക്കാം.]

കീർത്തനം

കാഴ്ചയേകിടാം ...
അഖിലനായകാ
ലോകപാലകാ
പദം ചേർന്നിടാം
കാഴ്ചയേകിടാം.
ദിവ്യ ദീപ്തിയിൽ
ഒന്നു ചേരുവാൻ
ആത്മ പുഷ്പം
പൂജ ചെയ്തിടാം
അഖില നായകാ
ലോക പാലകാ
പദം ചേർന്നിടാം.
കാഴ്ചയേകിടാം.

OR

കീർത്തനം

കൈക്കൊള്ളണമേ, കരുണാപൂർവ്വം
കാഴ്ചകളഖിലേശാ,

പൂജയണയ്ക്കാം സ്നേഹമൊടേ നിൻ
പാവനസന്നിധിയിൽ,
കൈകളിലപ്പവും വീഞ്ഞുമേന്തി
കനിവിന്റെ നാഥാ, വരുന്നൂ
എന്നും ജീവിതതാലത്തിൽ- ഞങ്ങടെ
മാനസപുഷ്പം പൂജിക്കാം.
വീഞ്ഞിൽക്കലരും ജലകണമായ് നിൻ
സ്നേഹത്തിലലിയണമെന്നും -ഞങ്ങടെ
നിത്യം താവകവേദിയിൽ
നിർമ്മലബലിയായ്ത്തീർന്നിടുവാൻ.

പുരോ: പിതാവായ സർവ്വേശ്വരാ, [സമൂഹം ചേരുന്നു] തിരുസുതന്റെ പീഡാസഹനവും മരണവും ഉത്ഥാനവുമാകുന്ന സ്വയംദാനം അനുസ്മരിച്ചുകൊണ്ട് ഞങ്ങടെ ചെയ്യുന്ന പ്രത്യർപ്പണത്തിന്റെ പ്രതീകമായി ഈ കാഴ്ച സ്വീകരിക്കേണമേ.

[അനന്തരം തിരുവസ്ത്രക്കളള്ള താലം പീഠത്തിൽ വയ്ക്കുന്നു. തുടർന്നു വരുന്ന ''പീഠപൂജ'' സാധാരണ അവസരങ്ങളിൽ ഉപേക്ഷിക്കാവുന്നതാണ്.]

b. പീഠപൂജ [പീഠത്തിൽ താലത്തിനു ചുറ്റും ഭക്തിപൂർവ്വം ഏതാനും പൂക്കൾ വച്ചുകൊണ്ട് ഓരോ മന്ത്രം ജപിക്കുന്നു; സമൂഹം ആവർത്തിക്കുന്നു.]

മന്ത്രങ്ങൾ

ഓം സച്ചിദാനന്ദായ നമ:
ഓം സർവ്വവ്യാപിനേ നമ:
ഓം സർവ്വതോ മുഖായ നമ:
ഓം സർവ്വ സൃഷ്ട്യന്തര്യാമിനേ നമ:
ഓം സർവ്വ ലോകേശായ നമ:
ഓം സർവ്വ കർമ്മസാക്ഷിണേ നമ
ഓം സന്നിവാസായ നമ;
ഓം നിത്യയജ്ഞപുരുഷായ നമ:

OR

സച്ചിദാനന്ദ! ദൈവമേ വന്ദനം
സർവ്വലോക സ്രഷ്ടാവേ വന്ദനം
സർവ്വലോക രക്ഷകാ വന്ദനം
സർവ്വകാലാതീത ദൈവമേ വന്ദനം
സർവ്വജ്ഞാനപീഠമേ വന്ദനം
സർവ്വനന്മസ്വരൂപാ വന്ദനം
സർവ്വജീവസ്രോതസ്സേ വന്ദനം
സർവ്വസാന്നിധ്യമേ വന്ദനം.

പുരോ: [സുഗന്ധദ്രവ്യം അപ്പിച്ചുകൊണ്ട് ചൊല്ലുന്നു]

സൃഷ്ടികർമ്മത്തിന്നാധാരമായ സർഗ്ഗശക്തിയും, മൂലപ്രകൃതിയും, [20] വാങ്മാനപേടകത്തിന്റെ കൂടാരവും, [21] നിത്യയാഗത്തിന്റെ പൂജ്യപീഠമായ യാഗപവ്വതവും, [22] സ്വർഗ്ഗീയ പൂജാപീഠവും[23]പോലെ ഈ പൂജാപീഠവും, നിന്റെ വിശുദ്ധിയുടെ പരിമളംകൊണ്ട് പവിത്രീകരിക്കേണമേ.

V പൂജാപ്രാർത്ഥന
[Eucharistic Prayer] - 1

a. മന്ത്രോച്ചാരണം
[Recalling Salvation History]

പുരോ: അനാദിമുതൽ നമ്മോടുള്ള സ്നേഹത്താൽ സ്വയം ആവിഷ്കരിക്കുകയും മുക്തിമാർഗ്ഗം തുറന്നുതരികയും ചെയ്ത ദൈവത്തിന്റെ അനന്തകാരുണ്യം രക്ഷാചരിത്രം അനുസ്മരിച്ചുകൊണ്ട് പാടിപ്പുകഴ്ത്താം.

സമൂ: അനന്തസാത്വികപൂർണ്ണിമയേ
അതുല്യചിന്മയപൂർണ്ണിമയേ
അവർണ്ണ്യസുന്ദരപൂർണ്ണിമയേ [24]
തൊഴുന്നുനൽവരമേകണമേ.

(എല്ലാവരും തൊഴുന്നു)

പുരോ: അനാദ്യന്തം അനശ്വരനുമായ പിതാവേ, അനന്തജീവനിൽ പങ്കു നൽകിക്കൊണ്ട് ക്രിയാത്മക സ്നേഹത്താൽ നീ പ്രപഞ്ചത്തിനസ്തിത്വം നൽകി പരിപാലിക്കുന്നു. നിന്റെ മഹത്വം ലോകമാകെ വ്യാപിച്ചിരിക്കുന്നു. ഓരോ അണുവിലും ഓരോ ജീവതരംഗത്തിലും നിന്റെ സാന്നിദ്ധ്യം [25] നിറഞ്ഞുനില്ക്കുന്നു. നിനക്കതീതമായി ഒന്നുമില്ല. നിന്നെക്കാൾ സാവ്വത്രികമായി ഒന്നുമില്ല. [26]

സമൂ: നിത്യനായ സവ്വേശ്വരാ നിന്റെ മഹത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു/ നിന്റെ ശക്തിയെ ഞങ്ങളാരാധിക്കുന്നു. [27]

പുരോ: ആദിയിൽ നീ തപോയജ്ഞം [28]വഴി സൃഷ്ടികർമ്മം ആരംഭിയ്ക്കുകയും വചോവിലാസം [29]കൊണ്ട് വിശ്വം വിതാനിയ്ക്കുകയും ചെയ്തു. ഇരുൾ വെളിച്ചമായും ശൂന്യത അസ്തിത്വമായും മാറിയ നിന്റെ മഹാമഹിമയെ സൃഷ്ടിജാലം മുഴുവൻ പ്രകീർത്തിക്കുന്നു. [30]

സമൂ: സൃഷ്ടികൾക്കെല്ലാം നാമവും രൂപവും [31] നൽകിയ/ അദൃശ്യനും അനുപമനുമായ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

പുരോ: നിന്റെ ഛായയിലും സാദൃശ്യത്തിലും [32] ഞങ്ങളെ സൃഷ്ടിച്ചുകൊണ്ട് നിത്യജീവൻ പ്രദാനം ചെയ്യുകയും പിതാവിനെപ്പോലെ ഞങ്ങളെ പരിപാലിക്കുകയും സത്യം ഗ്രഹിക്കാൻ ബുദ്ധിയും നന്മയെ സ്നേഹിക്കാൻ മനസ്സും നൽകി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്ത നിനക്ക് എന്നും കൃതജ്ഞത സമർപ്പിക്കുന്നു.

സമൂ: സച്ചിതാനന്ദ സ്വരൂപാ, നീയാണ് ഞങ്ങളുടെ മാതാവും പിതാവും. [33] നീ മാത്രമാണ ഞങ്ങളുടെ പരിപാലകൻ, നീ തന്നെ ഞങ്ങളുടെ അഭയകേന്ദ്രവും.

പുരോ: നിന്നെ വിസ്മരിച്ചുകൊണ്ട് നിത്യജീവൻ ഞങ്ങൾ നഷ്ടപ്പെടുത്തി.[34] അതുവഴി അജ്ഞാനം ഞങ്ങളെ[35] അന്ധരാക്കുകയും ധർമ്മം ക്ഷയിക്കുകയും ചെയ്തു. എങ്കിലും അവർണ്ണ്യമായ സ്നേഹവായ്പിൽ നീ ഞങ്ങളെ സ്മരിക്കുകയും രക്ഷാവാഗ്ദാനം ചെയ്കയും ചെയ്തു. പ്രവാചകന്മാരും ധർമ്മസ്ഥാപകരും വഴി നാനാവിധത്തിൽ രക്ഷാകരസന്ദേശം നീ വെളിപ്പെടുത്തി. നിർമ്മലമാനസരായ സത്യാന്വേഷികൾ ആത്മീയവും ധാർമ്മികവുമായ സിദ്ധികളിലൂടെയും സാമൂഹിക സാംസ്കാരിക മൂല്യങ്ങളിലൂടെയും പരിത്രാണന രഹസ്യങ്ങൾക്കു സാക്ഷികളായി.

സമൂ: ജനതകളുടെ പ്രകാശമേ[36] നിന്റെ ജ്ഞാനം അഗ്രാഹ്യവും സാവ്ത്രികപരിപാലന അത്ഭുതാവഹവുമാകുന്നു.

പുരോ: പരമമുഹൂർത്തം[37] സമാഗതമായപ്പോൾ ഞങ്ങളുടെ പിതാക്കന്മാരായ നോഹിനോടും അബ്രാഹത്തിനോടും[38] ചെയ്ത ഉടമ്പടി അനുസ്മരിച്ചുകൊണ്ട് നിന്റെ ദിവ്യസുതനെ നീ അയച്ചു. അവിടന്ന് കന്യകയിൽ നിന്നു മനുഷ്യനായി അവതരിക്കുകയും[39] സന്മാതൃകയും സാരോപദേശങ്ങളും വഴി മുക്തിമാർഗ്ഗം പഠിപ്പിക്കുകയും ചെയ്തു. അത്ഭുതങ്ങളും അടയാളങ്ങളും വഴി മോക്ഷരാജ്യം വെളിപ്പെടുത്തി;[40] പീഡാസഹനവും മരണവും ഉത്ഥാനവും വഴി നിത്യമായി ഞങ്ങളെ ഉദ്ധരിക്കയും ചെയ്തു. ഭക്തിയിലും ശ്രദ്ധയിലും[41] അടിയുറച്ച ദൈവജനത്തിൽ[42] ഞങ്ങളെ ഒന്നിപ്പിക്കയും ഈശ്വരസാക്ഷാത്കാരത്തിനു ഞങ്ങളെ പ്രാപ്തരാക്കാൻ പവിത്രാത്മാവിനെ പ്രദാനം ചെയ്യുകയും ചെയ്തു.

സമൂ: അവാച്യമായ നിന്റെ ആത്മദാനത്തിനു / അനവരതം സ്തുതി / തിരുസുതന്റെ വിശ്വരൂപ ദർശനം[43]

പ്രതീക്ഷിച്ചു കഴിയുന്ന ഞങ്ങളിൽ / രക്ഷാകരരഹസ്യം പൂർത്തിയാകട്ടെ.

പുരോ: പ്രത്യാഗമനംവരെ ലോകമാകെ സമർപ്പിക്കേണ്ട ഏകബലിയും കൂദാശയും അവിടന്നു സ്ഥാപിക്കുകയും[44] അതാചരിക്കുവാൻ യജ്ഞാധികാരികളായി[45] ഞങ്ങളെ നിയമിക്കുകയും ചെയ്തു. ആകയാൽ നിന്റെ ദിവ്യസുതൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഈ രക്ഷാകരരഹസ്യം ഇവിടെ സമ്മേളിച്ചിരിക്കുന്ന സഭയിൽ ഞങ്ങളും സ്മരിക്കുകയും അനുഷ്ഠിക്കയും ചെയ്യുന്നു.

(താഴെ കൊടുത്തിരിക്കുന്ന ഭജനം ഐച്ഛികമാണു്)

ഭജനം

പുരോ: ശ്രീ ഭക്തിഭാവപ്രണിധാനദ ജ്ഞാനസാര
ശ്രീ സ്നേഹപൂർണ്ണസുഭഗേശ്വര ശാന്തി ദാത
ശ്രീ മുക്തിദാത വരദായക പാവനാത്മൻ
ആവാഹിതോഭവ മമവിഭോ മമസുപ്രണാമം.

(എല്ലാവരും പ്രണമിക്കുന്നു.)

(മൗനം)

b. സ്ഥാപനവചസ്സുകൾ
[Words of Institution]

പീഡാസഹനത്തിന്റെ തലേരാത്രിയിൽ ശിഷ്യരുടെ കാലുകഴുകി[46] പരസ്പരസ്നേഹത്തിന്റെയും വിനീതസേവനത്തിന്റെയും മാതൃക കാണിച്ചശേഷം ഈശോ അപ്പമെടുത്തു് സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പിതാവിനു് കൃതജ്ഞത സമർപ്പിച്ചു് വാഴ്ത്തി മുറിച്ചു് അവർക്കുനൽകിക്കൊണ്ടു് അരുൾചെയ്തു... ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു് എടുത്തു് ഭക്ഷിക്കുവിൻ.

സമൂ: ആമ്മേൻ.

അനന്തരം പാനപാത്രമെടുത്തു് സ്തോത്രംചെയ്തു് അവക്കു നൽകിക്കൊണ്ടു് അരുൾചെയ്തു.... ഇതു പാപമോചനത്തിനായി സകലർക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ[47].

സമൂ: ആമ്മേൻ.

പുരോ: ഞാൻ ഈ ചെയ്തതു് നിങ്ങളും എന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോഴും എന്റെ ഓർമ്മ ആചരിക്കുവാനായി ചെയ്യുവിൻ.

c നൈവേദ്യം
[Memorial and Oblation]

പുരോ: (കൈകളും അപ്പണിയുപത്തിൽ ഉയർത്തി) നിത്യനായ പിതാവേ,[47a] തിരുസുതന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ചുകൊണ്ടു് അവിടുത്തെ മഹത്പൂർണ്ണമായ പ്രത്യാഗമനംവരെ തിരുശരീരവും രക്തവുമാകുന്ന ഈ പൂജ്യദ്രവ്യം നിത്യനൈവേദ്യമായി അങ്ങേക്കു ഞങ്ങളും അർപ്പിക്കുന്നു.

(എല്ലാവരും ആരാധിക്കുന്നു)

സമൂ: ആമ്മേൻ.

d. അർത്ഥന
[Intercession]

പുരോ: സനാതനധർമ്മത്തിന്റെ[48] ഉറവിടമായ സർവ്വേശ്വരാ തിരുസുതന്റെ കാൽവരിയിലെ നിത്യബലിവഴി മനുഷ്യരക്ഷയും ധർമ്മപുനഃസ്ഥാപനവും നീ സാധിച്ചു

വല്ലൊ. ആ ദിവ്യബലി അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന ഞങ്ങൾക്കും ലോകം മുഴവനും ശാന്തി[50] കൈവരാനും നിത്യജീവൻ[51] ലഭിക്കുവാനും ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാത്ഥന സ്വീകരിക്കണമെ.

ശുശ്രൂഷി: പ്രധാനാചാര്യനും സാവ്ത്രികസഭയുടെ തലവനുമായ (പേരു്) പാപ്പാക്കുവേണ്ടിയും[52] ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ (പേരു) മെത്രാപ്പോലീത്താക്കുവേണ്ടിയും (മെത്രാനുവേണ്ടിയും) വിശുദ്ധ സഭ മുഴവനുവേണ്ടിയും ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: ഞങ്ങളുടെ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ അധികാരികൾ ഉപകാരികൾ എന്നിവക്കുവേണ്ടിയും മരിച്ചുപോയ എല്ലാവക്കും വേണ്ടിയും ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: അദ്ധ്വാനിക്കുന്നവരും ആലംബഹീനരും രോഗികളുമായ എല്ലാവക്കുവേണ്ടിയും ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാത്ഥന സ്വീകരിക്കേണമേ

ശുശ്രൂഷി: ഞങ്ങളുടെ മാതൃഭൂമിയായ ഭാരതത്തിനു് ആദ്ധ്യാത്മികവും ഭൗതികവുമായ ഐശ്വര്യം കൈവരുന്നതിനും എല്ലാജനവിഭാഗങ്ങളും നിന്നെയും നിന്റെ പ്രിയ പുത്രനെയും പൂർണ്ണമായി അറിഞ്ഞാരാധിക്കുന്നതിനും[53] ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാത്ഥന സ്വീകരിക്കേണമേ.

(പ്രത്യേക അപേക്ഷകൾ)

e. പവിത്രാത്മാവിന്റെ സമാഗമം
[epiclesis]

പുരോ: (കൈയുയത്തി) പിതാവായ സർവ്വേശ്വരാ അങ്ങേ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ. പരമപരിശുദ്ധമായ ഈ ബലിവസ്തുവിൽ ആവസിക്കുകയും രക്ഷയുടെ രഹസ്യങ്ങൾ പ്രഘോഷിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം അവിടന്ന് ഞങ്ങളെ ഒരുക്കുകയും പവിത്രീകരിക്കയും ചെയ്യട്ടെ.

സമൂ: ഇതുവഴി പാപമോചനവും ഉയർപ്പിലുള്ള പ്രത്യാശയും നിത്യജീവനും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ.

f. പ്രസന്നപൂജ
[Formal Doxology]

പുരോ: പിതാവായ ദൈവമേ, അങ്ങ് ഞങ്ങൾക്കു നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദിപറയുന്നു. പ്രത്യേകിച്ച് പവിത്രാത്മാവുവഴി, പരിശുദ്ധവും ജീവദായകവും രക്ഷാകരവുമായ ഈ രഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ യോഗ്യരാക്കിയതിനും അങ്ങേയ്ക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

സമൂ: ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ

തുടർന്ന് തിരുശരീരരക്തങ്ങൾ ഉയർത്തുമ്പോൾ ദീപ—ധൂപ—പുഷ്പ ആരതി ഒപ്പം അർപ്പിച്ചുകൊണ്ട് താഴെ വരുന്ന കീർത്തനം പാടുന്നു.)

കീർത്തനം

സമൂ വാനിൽ മേവും തിരുഭോജനം നീ 54

ഭുവനാഗതസുധ നീ 55

DHARMARAM COLLEGE LIBRARY
BANGALORE - 29

മർത്ത്യരക്ഷനീ മാനവരാശിതൻ,
അക്ഷയാത്മ നിധി നീ

ജീവശക്തിനീ [56] വിശ്വദീപ്തി നീ[57]
ലോകമഹാ പ്രഭ നീ [58]

പൂജ്യപൂജ്യനാം രാജരാജനാം,
മഹാത്മ സദ്ഗുരു നീ

പാപമോക്ഷം നീ, പുണ്യതീർത്ഥം നീ [59]
ചിതാനന്ദ വിഭ നീ

ദീനബന്ധുനി [60] സ്നേഹസിന്ധു നി[61]
മാമകാത്മ പ്രഭ നീ.

(പൂജാപ്രാർത്ഥന–1 ഇവിടെ അവസാനിക്കുന്നു. പേജ 31–ൽ പൂജ തുടരുന്നു)

V പൂജാപ്രാർത്ഥന
(Eucharistic Prayer-II

a. മന്ത്രോച്ചാരണം
[Recalling Salvation History]

(സമൂഹത്തെ ക്ഷണിച്ചുകൊണ്ട് പറയുന്നു.)

പുരോ: ആദിയിൽ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി സ്വയം വെളിപ്പെടുത്തി മുക്തിമാർഗ്ഗം തുറന്നുതരികയും ചെയ്ത ദൈവത്തിന്റെ മഹാ കാരുണ്യം നമുക്കനുസ്മരിക്കാം.

നിത്യനായ പിതാവേ, ആദിയിൽ വചനശക്തിയാൽ നീ സൃഷ്ടികർമ്മം ആരംഭിക്കുകയും ശൂന്യത

യിൽ നിന്നു വിശ്വത്തെ വിളിച്ചുണർത്തുകയും ചെയ്യ. പ്രപഞ്ചത്തിലെ ഓരോ പരമാണുവും, ജീവന്റെ ഓരോ ചലനവും, നിന്റെ സാന്നിധ്യം[25] നിറഞ്ഞതാകുന്നു.

സമൂ: സൃഷ്ടികൾക്കെല്ലാം നാമവും രൂപവും[31] നൽകിയ നിന്റെ വചനശക്തിയെ ഞങ്ങൾ ആരാധിക്കുന്നു.

പുരോ: ബുദ്ധിയും മനസ്സും നൽകി നിന്റെ രൂപത്തിലും സാദൃശ്യത്തിലും[32] ഞങ്ങളെ സൃഷ്ടിക്കുകയും പ്രസാദജീവൻ പകർന്നു് അനുഗ്രഹിക്കുകയും ചെയ്യ. ബലഹീനരായ ഞങ്ങൾ നിനക്കെതിരായി തിന്മചെയ്യ പാപികളായി; അജ്ഞാനം ഞങ്ങളെ അന്ധരാക്കി[35]; ധർമ്മം ക്ഷയിക്കുകയും ചെയ്യ.

സമൂ: അനാഥരായ ഞങ്ങൾക്കു് / നീയാണു് മാതാവും പിതാവും[33] / നീയാണല്ലോ പരിപാലകൻ / നീ മാത്രമാണു് അഭയകേന്ദ്രവും.

പുരോ: പരമമുഹൂർത്തം[37] സമാഗതമായപ്പോൾ തിരുവചനം മാംസം ധരിക്കുകയും[29] ഉദ്ധാരണ കർമ്മം ആരംഭിക്കുകയും ചെയ്യ. അങ്ങയുടെ ജീവിതവും മരണവും ഉത്ഥാനവുംവഴി ഞങ്ങളെ വീണ്ടെടുക്കുകയും പ്രപഞ്ചത്തെ പുനഃസ്ഥാപിക്കുകയും[48] ചെയ്യ. അങ്ങയുടെ ദിവ്യചൈതന്യം[41] ഭക്തിയിലും ശ്രദ്ധയിലും ഞങ്ങളെ ഉറപ്പിക്കുകയും ദൈവജനമായി[42] ഒന്നിപ്പിക്കുകയും ചെയ്യ.

സമൂ: നിത്യനായ സർവ്വേശ്വരാ, അവാച്യമായ ഈ സ്വയംദാനത്തിനു് അനവരതം സ്തുതി.

പുരോ:
സമൂ: } യുഗാന്ത്യത്തിൽ തിരുസുതന്റെ പ്രത്യാഗമനം[43] പ്രതീക്ഷിച്ചു കഴിയുന്ന ഞങ്ങളിൽ രക്ഷാരഹസ്യം പൂർത്തിയാകട്ടെ. അവിടന്നു പഠിപ്പിച്ചതുപോലെ, ഇവിടെ സമ്മേളിച്ചിരിക്കുന്ന സഭയിൽ രക്ഷാരഹസ്യം ഞങ്ങൾ സ്മരിക്കുകയും അനുഷ്ഠിക്കയും ചെയ്യുന്നു.

(മൗനം)

b. സ്ഥാപനവചസ്സുകൾ
(Institution words)

പുരോ: പീഡാസഹനത്തിന്റെ തലേരാത്രിയിൽ ശിഷ്യരുടെ കാലുകളും കഴുകി[46] പരസ്പരസ്നേഹത്തിന്റെയും വിനീതസേവനത്തിന്റെയും മാതൃക നൽകിയശേഷം ഈശോ അപ്പമെടുത്തു് സ്വർഗ്ഗത്തിലേക്കു് കണ്ണുകളുയർത്തി പിതാവിനു് കൃതജ്ഞത സമർപ്പിച്ചു് വാഴ്ത്തി മുറിച്ചു് അവർക്കു നൽകിക്കൊണ്ടു് അരുൾചെയ്തു: ''ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു് എടുത്തു് ഭക്ഷിക്കുവിൻ.''

സമൂ: ആമ്മേൻ.

പുരോ: (അപ്പം തളികയിൽ വയ്ക്കുന്നു; പാനപാത്രം എടുക്കുന്നു)
അനന്തരം പാനപാത്രമെടുത്തു് സ്തോത്രം ചെയ്തു് അവർക്കു നൽകിക്കൊണ്ടു് അരുൾചെയ്തു: ''ഇതു് പാപമോചനത്തിനായി സകലർക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ''[47].

സമൂ: ആമ്മേൻ.

പുരോ: ''ഞാൻ ഈ ചെയ്തതു്, നിങ്ങളും എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോഴും എന്റെ ഓർമ്മ ആചരിക്കുവാനായി ചെയ്യുവിൻ''.

c. നൈവേദ്യം
(Memorial and Oblation)

പുരോ: (കൈകളും അപ്പണരൂപത്തിൽ ഉയർത്തിപ്പിടിച്ചു്)
നിത്യനായ പിതാവേ, തിരുസുതന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ചുകൊണ്ടു് മഹത്വപൂർണ്ണമായ അങ്ങ

യുടെ പ്രത്യാഗമനംവരെ തിരുശരീരവും രക്തവുമാകു
ന്ന ഈ പൂജാദ്രവ്യം നിത്യനൈവേദ്യമായി നിനക്കു
ഞങ്ങൾ സമർപ്പിക്കുന്നു.

സമൂ: ആമ്മേൻ.

(എല്ലാവരും കൈകൂപ്പി കുനിഞ്ഞാരാധിക്കുന്നു)

d. അർത്ഥന
(Intercession)

പുരോ: സനാതന[48] ധർമ്മത്തിന്റെ ഉറവിടമായ സർവ്വേശ്വരാ, ഈ പൂജാപ്പണംവഴി ലോകമാകെ ശാന്തി[50] കൈവ
രാനും മനുഷ്യരെല്ലാം നിത്യജീവൻ[51] പ്രാപിക്കുവാ
നും ഇടയാക്കണമെ. സഭയുടെ പൊതുപിതാവായ[52]
(പേരു്) പാപ്പായെയും, എല്ലാമെത്രാന്മാരെയും (സ്ഥ
ലത്തെ മെത്രാൻ), വൈദികരെയും സന്യാസികളെ
യും മറു വിശ്വാസികളെയും കനിഞ്ഞനുഗ്രഹിക്കണ
മേ. ഞങ്ങളുടെ മാതൃരാജ്യമായ ഭാരതത്തിനും മറു
രാജ്യങ്ങൾക്കും ആത്മീയ ഉണർവും ഭൗതിക പുരോഗ
തിയും കൈവരട്ടെ. ഭരണകർത്താക്കൾക്കും നേതാക്ക
ന്മാർക്കും സത്യം ദർശിക്കുന്നതിനും ധർമ്മം ശരിയായി
പാലിക്കുന്നതിനുമുള്ള ശക്തിയും ധൈര്യവും നൽ
കണമേ!

സമൂ: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമെ.

ശുശ്രൂഷി: (സമൂഹത്തിലൊരാൾ):
ഞങ്ങളുടെ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, അ
ധികാരികൾ, ഉപകാരികൾ എന്നിവരെ അനുഗ്രഹി
ക്കണമെ! മരിച്ചുപോയ പിതൃജനങ്ങളെയും സ്നേഹി
തരെയും നിത്യസൗഭാഗ്യത്തിലേയ്ക്കു സ്വീകരിക്ക
ണമെ.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമെ.

ശ്രീ: ജീവിതഭാരത്താൽ വലയുന്നവരെയും പാവപ്പെട്ടവരെയും / മദ്ദ്യിതർ, ചൂഷിതർ, രോഗികൾ, അനാഥർ, കാരാഗൃഹവാസികൾ എന്നിവരെയും / പ്രത്യേകമായി അനുഗ്രഹിക്കണമെ.

സമൂ: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമെ.

(അവസരോചിതമായ മറ്റു യാചനകൾ
ചേർക്കാവുന്നതാണു്)

e. പവിത്രാത്മാവിന്റെ സമാഗമം
(Epiclesis)

പുരോ: (കൈ ഉയർത്തി ആവാഹിച്ചു്)
പിതാവായ സർവ്വേശ്വരാ നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ. അവിടുന്നു് പരമപരിശുദ്ധമായ ഈ പൂജാവസ്തുവിലാവസിക്കുകയും രക്ഷയുടെ രഹസ്യം പ്രഘോഷിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം ഞങ്ങളെ പവിത്രീകരിക്കുകയും ചെയ്യട്ടെ!

സമൂ: ഇതുവഴി പാപമോചനവും ഉയർപ്പിന്റെ പ്രത്യാശയും നിത്യജീവനും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ!

f. പ്രസന്നപൂജ
(Doxology)

പുരോ: പിതാവായ ദൈവമെ, അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ള എല്ലാ അനുഗ്രഹ-ദാനങ്ങൾക്കും, പ്രത്യേകമായി, പവിത്രാത്മാവുവഴി, പരിശുദ്ധവും ജീവ്ദായകവും രക്ഷാകരവുമായ ഈ രഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ യോഗ്യരാക്കിയതിനും, അങ്ങേയ്ക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

സമൂ: ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

(തുടന്ന് പൂജാദ്രവ്യമുള്ള താലം ഉയർത്തുന്നു. ദീപ-ധൂപ-പുഷ്പ ആരതി ഒപ്പം അപ്പിച്ചുകൊണ്ട് സംഘം പാടുന്നു.)

ഗാനം

വാനിൽ മേവും തിരുഭോജനം നീ 54
ഭുവനാഗതസുധ നീ 55
മർത്യരക്ഷ നീ മാനവരാശിതൻ,
അക്ഷയാത്മനിധി നീ
ജീവശക്തി നീ 56 വിശ്വദീപ്തി നീ 57,
ലോകമഹാപ്രഭ നീ 58
പൂജ്യപൂജ്യനാം രാജരാജനാം
മഹാത്മ സദ്ഗുരു നീ
പാപമോക്ഷം നീ പുണ്യതീർത്ഥം നീ 59
ചിദാനന്ദവിഭ നീ
ദീനബന്ധുനീ 60 സ്നേഹസിന്ധു നീ 61
മാമകാത്മപ്രഭ നീ

(പൂജാപ്രാർത്ഥന II അവസാനിക്കുന്നു.)

VI പരമപ്രസാദം
(Communion)

പുരോ: (അപ്പം മുറിച്ച് രക്തത്തിൽ മുക്കി മുദ്രിതമാക്കുന്നു. അപ്പോൾ ചൊല്ലുന്നു.) പരമപ്രസാദമാകുന്ന 61a ക്രിസ്തുനാഥന്റെ ശരീരവും രക്തവും പരസ്പരം കലർത്തപ്പെടുകയും രക്ഷയുടെ മഹനീയ ''രഹസ്യങ്ങൾ'' പ. ത്രിത്വത്തിന്റെ നാമത്തിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു.

സമൂ: മരണത്തെ ജയിച്ചുകൊണ്ട് മഹത്വപൂർണ്ണനായി ഉത്ഥാനംചെയ്ത ക്രിസ്തുവിനെപോലെ നമുക്കും പാപത്തിന മരിച്ച് പുതിയ ജീവിതം സമാരംഭിക്കാം.

പുരോ: ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ച പ്രാർത്ഥന ജപിച്ചുകൊണ്ട് സ്നേഹനിധിയായ പിതാവിനോട് ജീവദാ

യകമായ അപ്പം തരണമേ എന്ന ഭക്തിപൂർവ്വം പ്രാർത്ഥിക്കാം62.

സമൂ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങേ നാമം പൂജിതമാകണമേ / അങ്ങേ രാജ്യം വരണമേ / അങ്ങേ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ / അന്നന്നുവേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ / ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ / ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ / തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ / എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും / എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

പുരോ: സഹോദരരേ, ക്രിസ്തുനാഥന്റെ പരമപ്രസാദം നമുക്കു സ്വീകരിക്കാം.

(തിരുവോസ്തി ഉയർത്തിപ്പിടിച്ചു ചൊല്ലുന്നു)

ക്രിസ്തുദേവാ (സമൂഹം ചേരുന്നു) ഞങ്ങൾ അമർത്യത വഹിക്കുന്നവരാകട്ടെ. സമൃദ്ധിയുടെ നാഥാ, നീ ഞങ്ങളിൽ വസിക്കണമേ നീയാണ് ഞങ്ങളുടെ അഭയം; നീ മാത്രമാണ് ഞങ്ങളുടെ ജീവിതസാരം.

(പുരോഹിതൻ ഉൾക്കൊണ്ടതിനുശേഷം പതിവുപോലെ സമൂഹത്തിനും വി. കുർബ്ബാന നൽകുന്നു.)

സൂചന:- ഈ പൂജാരീതി വേണ്ടത്ര ആഴത്തിലും പരപ്പിലും മനസ്സിലാക്കിയിട്ടുള്ള ചെറിയ സമൂഹമാണെങ്കിൽ ''ക്രിസ്തുദേവാ, ഞങ്ങൾ അമർത്യത.....'' എന്ന പ്രാർത്ഥനയ്ക്കുമുമ്പ് താലത്തിലുള്ള തിരുവോസ്തി ഓരോരുത്തരും ഭക്തിപൂർവ്വം വലതുകരംകൊണ്ട് എടുത്ത് ഇടതുകരത്തിന്റെ ഉള്ളിലാക്കി പിടിയ്ക്കുന്നു. അനന്തരം ഒരുമിച്ച് പ്രസ്തുത പ്രാർത്ഥന ജപിച്ച് ഉൾ

ക്കൊള്ളുന്നു. താലത്തിലുള്ള വി. കുർബ്ബാന ഇങ്ങനെ സമൂഹത്തിൽ പങ്കുവയ്ക്കുന്നസമയത്തു് ഭക്തിനിർഭരമായ ഏതെങ്കിലും ഭജനം ആലപിക്കുന്നതു് ഉത്തമമാണു്.

ഭജനം

I ഈശ്വരാ, ഈശ്വരാ ഈശ്വരാ
ഈശ്വരാ, പ്രഭുവരാ,
ഈശ്വരാ ദയാകരാ
ഈശ്വരാ.....

OR

II കൃപാകര, ദയാകരാ
പ്രസാദമേകണേ
യേശുനാഥാ, നിൻ
പദം നമിക്കുമീ
ഭക്തദാസരിൽ
പ്രസാദമേകണേ
കൃപാകരാ.....

(ഉംക്കൊണ്ടശേഷം കുറച്ചുനേരം മൗനമായി കൃതജ്ഞത– ഈ സമയത്തു് ആരാധകർക്കു് ദിവ്യസാന്നിധ്യത്തിന്റെ അനുഭവം പങ്കുവയ്ക്കുവുന്നതാണു്.)

പുരോ:- (പൂജാപാത്രം കഴുകുമ്പോൾ)
സൃഷ്ടികർത്താവും (സമൂഹവും തുടരുന്നു) ഞങ്ങളുടെ നാഥനുമായ സർവ്വേശ്വരാ, ദിവ്യപ്രസാദം സ്വീകരിച്ച ഞങ്ങളിൽ നിന്റെ ചൈതന്യം ആന്തരികമായി വസിക്കട്ടെ./ ശാന്തിഭോജനം സ്വീകരിച്ച ഞങ്ങളെ / നിത്യശാന്തിയ്ക്കർഹരാക്കണമേ./ അമർത്യതയുടെ അപ്പം സ്വീകരിച്ച ഞങ്ങളെ / നിത്യവിരുന്നിനു യോഗ്യരാക്കണമേ.

കൃതജ്ഞതാ കീർത്തനം

ജീവകിരണമായ് വിളങ്ങും
യേശുനായകാ-ത്രീയേശുനായകാ
എൻ ജീവദായകാ.

സ്നേഹനിധേ, ദിവ്യപാദേ വന്നിടുന്നിതാ
തവമനോജ്ഞ സന്നിധാനം
കാമ്യമേറവും -ശ്രീയേശു....

ഹൃദയമാകും കോവിലിൽ നീ
സ്നേഹനാളമായ്-ചിദാത്മസാരമായ്
മഹേശ വാഴ്ക നീ.

VII സമാപന പ്രാർത്ഥന
(Final Blessing and Mission)

(പൂജയുടെ പ്രത്യേക നിയോഗത്തിന്റെ വെളിച്ചത്തിൽ ഈ സമാപനപ്രാർത്ഥന വ്യത്യാസപ്പെടുത്തി ചൊല്ലാവുന്നതാണ്.)

പുരോ: സഹോദരരേ, നാമർപ്പിച്ച ഈ ബലിയുടെ ചൈതന്യത്തിൽ ജീവിതം തുടരുവാൻ ക്രിസ്തുനാഥൻ വരമരുളട്ടെ. തിന്മയെ നന്മകൊണ്ട് ജയിച്ച് ജീവിതകൃത്യങ്ങളിൽ ക്രിസ്തുവിനു നമുക്കു സാക്ഷികളാകാം. ജീവിത ക്ലേശങ്ങളിൽ ക്രിസ്തുവിലുള്ള പ്രതീക്ഷ നമുക്ക് ആശ്വാസം പകരട്ടെ. പരസ്പരസ്നേഹംവഴി അവിടുത്തെ ശിഷ്യരാണ് നാമെന്ന് ലോകം അറിയട്ടെ[63]. നമ്മുടെ നല്ല പ്രവൃത്തികളും കണ്ട് മറ്റുള്ളവരും നിത്യപിതാവിനെ സ്തുതിക്കുവാൻ ഇടയാകട്ടെ[64]. (ആശീർവ്വാദരൂപത്തിൽ കൈയുയർത്തി) നമ്മെ സൃഷ്ടിച്ച പരിപാലിക്കുന്ന പിതാവായ ദൈവത്തിന്റെ സ്നേഹവും കുരിശുമരണത്താൽ നമ്മെ രക്ഷിച്ച ക്രിസ്തുനാഥന്റെ കൃപയും, രക്ഷാരഹസ്യം നമ്മിൽ പൂർത്തിയാക്കുന്ന പവിത്രാത്മാവിന്റെ സഹവാസവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ[65].

സമൂ: ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

(ഇതിനശേഷം ഈശ്വരസ്മരണ കൈവളർത്തുന്ന ഭജനം ഉരുവിട്ടു കൊണ്ട് പിരിയുന്നു.)

പുരോ: (ഓരോന്നും പുരോഹിതൻ ചൊല്ലുന്നു; സമൂഹം ആവർത്തിക്കുന്നു

ഭജനം

ഓ സ്വയം ഭുവേ നമഃ
ഓ ക്രീസ്തു ദേവായ നമഃ
ഓ പവിത്രാത്മനേ നമഃ
ഓ ശാന്തി! ശാന്തി! ശാന്തി!

OR

സർവ്വ സൃഷ്ടാവേ വന്ദനം
സർവ്വ രക്ഷകാ വന്ദനം
സർവ്വ സ്നേഹാത്മനേ വന്ദനം
ശാന്തി! ശാന്തി! ശാന്തി!

സൂചന:- പ്രസ്തുത ഭജനം ഐച്ഛികമാണ്.

സമാപ്തം.

അനുബന്ധം I

ഈ പൂജാവേളയിൽ അവസരോചിതമായി പാടാവുന്ന മറ്റു ഭജനങ്ങളും ഗാനങ്ങളും

I ഓം ഭഗവാൻ, ഓം ഭഗവാൻ, ഓം ഭഗവാൻ
പ്രഭുതാതാ ഭഗവാൻ
ഓം ഭഗവാൻ, ഓം ഭഗവാൻ, ഓം ഭഗവാൻ
പ്രഭുപുത്രാ, ഭഗവാൻ
ഓം ഭഗവാൻ, ഓം ഭഗവാൻ, ഓം ഭഗവാൻ
പ്രഭു ആത്മ ഭഗവാൻ

II ശരണമേശ്വര മഹേശ്വരാ...
ശരണം ദിവ്യപ്രകാശമേ...
ശരണം, ശരണം...

ശരണമേശ്വര മഹേശ്വരാ
ശരണം ദിവ്യപ്രകാശമേ
ശരണം ശക്തിപരാപര
ശരണം ദിവ്യപ്രകാശമേ
ശരണം, ശരണം...

ബദ്‌ലഹേമിലെ ശീതമലയിൽ
വന്നുദിച്ചൊരു ലോകപാലകാ
കൈതൊഴുന്നിതാ സന്നിധേ
ശരണമഖില ജനാവലി...
ശരണം, ശരണം...

സ്വർഗ്ഗവാതിൽ തുറന്നു ഭുവിതി-
ന്നാശിസ്സേകിയ ദൈവനന്ദനാ
സ്നേഹരൂപമേ ഞങ്ങളിൽ
വരണമലിവൊട്ട, നായകാ
ശരണം, ശരണം...

III ചിതാനന്ദരൂപാ! മമഗുരോ മമഗുരോ മം
ഇഹത്തിൽ വിളങ്ങും
മമാത്മൈക ദീപം
പ്രകാശം പരത്തുന്ന
സ്നേഹാലയ നമ!
ഇരുൾക്കാറകറ്റി
വെളിച്ചം തരു നീ
ദയാനന്ദരൂപാ! മമവിഭോ, മമവിഭോ മം.

സുധാരശ്മി രൂകും പരത്തിൻ നിലാവേ
സമഗ്രപ്രഭാവാ പരം ജ്യോതിരൂപ
നമോ വിൺമഹേശാ, പദങ്ങൾ സമോദം
ദയാനന്ദരൂപ! മമവിഭോ, മമവിഭോ മം.

നമിക്കുന്നു സ്വർഗ്ഗീയ
സൗഭാഗ്യ ഭാവാ!
നിരന്തം പുകഴ്ത്താം
മഹാസ്നേഹ നിലയം
അമോഘം വിലാസം
നിറഞ്ഞുള്ള ദേവാ
ദയാനന്ദരൂപ! മമവിഭോ, മമവിഭോ മം.

IV ശ്രീയേശുനായകാ, കന്യാസുതാ – സ്വർഗ്ഗ
ശ്രീയോലുമങ്ങയെ വാഴ്ത്തുന്നിതാ

ആനന്ദചിന്മയസർവ്വേശ്വരാ – നിന്നെ
ആത്മാവിൻ കോവിലിൽ പൂജിപ്പൂ ഞാൻ –
ശ്രീയേശു ...

സ്വർഗ്ഗീയ ശാന്തിയിൽ മുങ്ങുന്ന നിൻ – ദിവ്യ
സ്നേഹത്തിലാശയുമാനന്ദവും – ശ്രീയേശു ....

ആദിത്യനായിരുൾ നീക്കുന്ന നീ - നിത്യം
ആത്മാവിൻ വേദിയിൽ വാഴുന്ന നീ–
ശ്രീയേശു ...

മാലാഖമാർ വാഴ്ത്തിപ്പാടുന്ന നിൻ നാമം
മോദം വളർത്തുന്ന സങ്കീർത്തനം ശ്രീയേശു...

മുക്തിപ്രദായകാ, സ്നേഹാത്മജാ - നിത്യം
മോക്ഷപ്രകാശമായ് വാഴുന്ന നീ-- ശ്രീയേശു ...

ആരാധ്യനങ്ങയെ കീർത്തിക്കുവാൻ -- ഞങ്ങൾ
ആനന്ദവീണകൾ മീട്ടുന്നിതാ -- ശ്രീയേശു ...

അങ്ങിൽ ലയിക്കണമെൻ മാനസം -- നാഥാ
ആത്മീയശാന്തിയിൽ മുങ്ങിടുവാൻ --
ശ്രീയേശു ...

V നിത്യസത്യ സ്വരൂപമാം സച്ചിദാത്മ ദേവാ -- ഞങ്ങൾ
നിത്യമങ്ങേ പാദാംബുജം വണങ്ങീടുന്നു.

ആത്മവിദ്യാജ്യോതിസ്സായും ആനന്ദാത്മതേജസ്സായും
ആദിനാദബ്രഹ്മമായും വാഴുന്നല്ലോ നീ--
നിത്യ സത്യ ...

ചന്തമേറും പൂവിൻ പ്രാണബിന്ദുവായും ചിന്താമണി
കോവിലിൽ നീ നാളമായും വിളങ്ങീടുന്ന --
നിത്യ സത്യ ...

ചക്രവാളസീമതോറും ചിത്രശാല തുറക്കുന്ന
ചിന്മയാത്മ രൂപാ നിന്നെ വാഴ്ത്തുന്ന ഞങ്ങൾ.

സ്വർഗ്ഗമാകും ശ്രീകോവിലിൽ വന്ന നിന്നെ
വണങ്ങുവാൻ
സ്നേഹനാഥാ, നൽവരങ്ങൾ നൽകീടേണം നീ
നിത്യ സത്യ ...

II

1 ശ്രദ്ധയും ഏകാഗ്രതയും ലഭിക്കുന്നതിനും മനസ്സ് ധ്യാന നിർലീനമാക്കുന്നതിനും ഇരിക്കുന്നതു സഹായകമാണെന്നു് ഭാരതീയ യോഗഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. സാധാരണ പൂജ നിന്നുകൊണ്ടു ചെയ്യുമെങ്കിലും, ഉന്നതമായ പൂജ-ആത്മപൂജ--എപ്പോഴും ഇരുന്നാണു ചെയ്യുക. (ഗീത VI : 10–14; ബ്രഹ്മസൂത്ര IV –17; യോഗസൂത്ര : II46)

2 ലളിതവും നിർമ്മലവുമായ ആന്തരികഭാവത്തെ ദ്യോതിപ്പിക്കുന്നതാണു് ശുഭ്രവസ്ത്രം. പൂജയ്ക്കു ഭാരതീയർ ശുഭ്രവസ്ത്രമാണു് ഉപയോഗിക്കുക (പൂജാവിധികളം–പൈനാട്ടു് മനയ്ക്കൽ പുരുഷോത്തമൻ നമ്പൂതിരി, പുറം 24).

3 ദീപം ലോകത്തിന്റെ പ്രകാശവും നിത്യപുരോഹിതനുമായ ക്രിസ്തുവാണു്. ഹൈന്ദവർ അഗ്നിയെ പുരോഹിതനായി വണങ്ങുന്നു (ഋഗ്വേദ I: 1). അഗ്നി മനുഷ്യന്റെ അച്ചനകം ഈശ്വരസമക്ഷം എത്തിക്കുന്ന ദൂതനുമാണു് (ഈശ. ഉപ. 18; ഋഗ്വേദ I: 1–7).

4 സ്വർഗ്ഗകവാടം കിഴക്കുഭാഗത്താണെന്നാണു് ഭാരതീയ സങ്കല്പം. ഈശ്വരദർശനാഭിമുഖമായി തിരിഞ്ഞിരിക്കുക എന്നതാണു് ഉദ്ദേശ്യം (SBE Introduction p.XX-ITLIII).

4 a ഈശ. ഉപ. 15

5 ഋഗ്വേദം 10:90. സൃഷ്ടികർമ്മംതന്നെ ഒരു യജ്ഞമാണെന്നു ഭാരതീയ സങ്കല്പം.

6 ഈശ്വരസ്വരൂപത്തിന്റെ, വിശിഷ്യാ, വചനത്തിന്റെ പ്രതീകമാണു് 'ഓം' കാരം. എല്ലാ വേദങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ടത്രേ (കഠ. ഉപ. I: 2, 15–17; പ്രശ്ന. 5: 5; മാൻഡോ. I: 1; ഗീത IX: 17). ശബ്ദബ്രഹ്മന്റെ പ്രതീകം (മൈത്രി. ഉപ. VI: 22) എന്ന നിലയിൽ 'ഓം' ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

7 ശാന്തിയും സമാധാനവും നിറഞ്ഞ അന്തരീക്ഷം ആശം സിക്കുന്നതിനുപുറമേ, ബലിയുടെ പ്രധനോദ്ദേശ്യമായ ദൈവവും മനുഷ്യനും തമ്മിലുള്ള സമാധാനത്തിന്റെ പുനഃസ്ഥാപനവും അനുസ്മരിപ്പിക്കുന്നു (കഠ. ഉപ. 5:15)

8 അഗ്നിയെ മദ്ധ്യസ്ഥനും പുരോഹിതനുമായി സ്വീകരിക്കുന്ന ഭാരതീയാഭിലാഷത്തിന്റെ പൂർത്തീകരണമാണു ക്രിസ്തു (തിമാ 2: 5; ഋഗ്വേദ I: 1–9).

9 'പരംജ്യോതി' 'സ്വയംപ്രകാശം' തുടങ്ങിയ ഈശ്വരനെക്കുറിച്ചുള്ള സങ്കല്പങ്ങളും ക്രിസ്തുവിൽ അനുബന്ധമാണു് എന്നു വിവക്ഷ (ഈശ. ഉപ. 18; ഛന്ദോ. ഉപ. VIII : 3, 3; അഥർവവേദ XIII : 3–17; ഗീത IX ;10; X : 21)

10 ക്രിസ്തുവാകുന്ന പ്രകാശത്തിനു വണക്കം കാണിക്കുന്നതിനെറയും ആ പ്രകാശം ആന്തരികമായി സ്വീകരിക്കുന്നതിനെറയും പ്രതീകം.

11 'സച്ചിദാനന്ദം' ദൈവവിജ്ഞാനീയത്തിൽ ത്രിത്വത്തെ കുറിക്കുന്നു. സത്യം, ജ്ഞാനം, അനന്തം എന്ന തൈത്തരീയ ഉപനിഷദ്വാക്യത്തിന്റെ (2:1) മറെറാരു രൂപമാണിതു്; ആഹ്നിഹതത്വം മുക്തബോധവ്യാകരണവാക്യം ഒന്നു്.

12 സച്ചിദാനന്ദത്രയത്തിലെ ചിദ്രൂപനാണു ക്രിസ്തു. ദൈവത്തിന്റെ വിജ്ഞാനമാണു് ക്രിസ്തു (1 കൊറി. 1:24).

13 ഭാരതീയ മനോഭാവത്തിൽ വി. തോമാശ്ലീഹാ പിതാവെന്നതിനെക്കാളും ദിവ്യജ്ഞാനത്തിന്റെ ഗുരുനാഥനാണു് (മുണ്ഡക. ഉപ. I:2, 12–13; മഹാഭാരതസഭാപർവ്വം).

14 ഹീബ്രു I:1. 15 ബ്രഹ. ഉപ. 2:4–5

16 കഠ. ഉപ. 2:15, 17 2 കൊറി 13:13

18 ഗുരു, ഭാരതീയരുടെ മതാത്മകജീവിതത്തിൽ അതിപ്രധാന വ്യക്തിയാണു്. ഈശ്വരൻ ഭക്തനെറ മുമ്പിൽ അവതരിക്കുന്ന ഒരു മാർഗ്ഗമാണു് ഗുരു. ഗുരുവിലൂടെയാ

ണ് സനാതനശബ്ദം നിർഗ്ഗളിക്കുക (ശ്വേതാ. ഉപ. VI ; മനു. II:69; ഗീത II:34; കൂർമ്മ. പുരാ. II).

19 ബ്രഹ. ഉപ. I:3; II:8, .

20 സർഗ്ഗശക്തിയുടെ പര്യായങ്ങളാണ് 'ആധാരശക്തി യും' മൂല പ്രകൃതി'യും മറ്റും (ഋഗ്, 10, 130.)

21 പുറ. 40:2–3.

22 ഗാഗ്രൽത്താ‍യെ സൂചിപ്പിക്കുന്നു.

23 വെളി. 21:1

24 സത്-ചിത് ആനന്ദസ്വരൂപങ്ങളെ പ്രത്യേകം പ്രത്യേ കം എടുത്തു പാടിപ്പുകഴ്ത്തുന്നു. ഭാരതീയ വീക്ഷണത്തിലു ള്ള ഒരു 'ത്രിസാഗിയോൻ' ഇതിൽ ദർശിക്കാം.

25 ശ്വേതാ. ഉപ. 1:16 26 ശ്വേതാ. ഉപ. 3:9

27 സർഗ്ഗശക്തിയുടെ പ്രകാശനമാണ് സൃഷ്ടി (Cf. ഋഗ് വേദ 10).

28 ആദിപുരുഷന്റെ യജ്ഞത്തെ (ഋഗ്വേദം 10, 129,4) തപസ്സായും വേദങ്ങളെ ചിത്രീകരിക്കുന്നു (ഋഗ്വേദ 9: 129–31; ബ്രഹ. ഉപ. 1:2; 2:7; ഛാന്ദോ. ഉപ. 4:17ff).

29 സൃഷ്ടി 1:2; യോഹ. 1:3

30 സങ്കീ. 150:6; സൃഷ്ടി 1:2

31 സൃഷ്ടി 2:19. ഭാരതീയ ദർശനത്തിലും നാമവും രൂപവും വ്യക്തിത്വത്തിന്റെ നിർണ്ണയഘടകങ്ങളാണ് (ഛാ ന്ദോ. ഉപ. VI :3, 2; മുണ്ഡക. ഉപ. I:1,1)

32 സൃഷ്ടി I:27

33 ശരണാഗതി. ഏകനായ ദൈവത്തിൽ മാതൃത്വവും പി തൃത്വവും ഒരുമിച്ച് ആരോപിക്കുക പൗരാണിക പാരമ്പ ര്യമാണ് (രഘുവംശം I:1; ബ്രഹ. ഉപ. I:4,3; ഗീത II :143; ശ്രീരാമാനുജ ശരണാഗതി ഗദ്യം IV; സ്തോത്ര രത്നം, യമുനാചാര്യ 43).

34 ബ്രഹ. ഉപ. 1:4, 10; യോഹ. 17:3

35 പാപത്തിന്റെ പരിണതഫലത്തെപ്പറ്റിയാണ് തത്വ ശാസ്ത്രം

36 യോഹ. 8:12

37 ഏറ്റവും ശുഭമായ സമയം എന്നത്ഥം. ക്രൈസ്തവചിന്ത യുടെ 'Kairos' എന്ന പദത്തിന്റെ അത്ഥം നൽകാൻ ശ്രമിച്ചിരിക്കുന്നു.

38 സൃഷ്ടി 9:9; 12:2; പുറ. 19:5

39 ഗാല. 4:4

40 ലൂക്കാ 11:20; യോഹ. 20:30

41 ഗീത 4:39

42 Lumen Gentium No. 9

43 ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം ഗീതയിലെ വി ശ്വരൂപദർശനം (ഗീത XI) എന്ന ആശയത്തിലൂടെ ആ വിഷ്കരിച്ചിരിക്കുന്നു (എഫേ. 1:23; 1:10).

44 1 കൊറി. 11:25 45 ഗീത 3:10

46 പാദക്ഷാളനത്തിനു പെസഹാരഹസ്യവുമായി പ്രതീകാ ത്മകബന്ധം ഉള്ളതുകൊണ്ട് അതും സൂചിപ്പിക്കുന്നു.

47 മലബാർ കുബ്ബാനക്രമം, പേജ് 30-31
1 കൊറി. 11:23 ff; ലൂക്കാ 22: 19, 20;
മർക്കോ. 14:22ff ; മത്താ. 16:21f

47 a മലബാർ കുബ്ബാനക്രമം, പേജ് 32, ബലിയപ്പിക്കുന്ന സമൂഹത്തിനു സാവ്ത്രിക സഭയോടുള്ള ബന്ധം സൂചി പ്പിക്കുന്നു.

48 ഗീത 4:7-8

49 ദ്രുതം, ധർമ്മം എന്നീ സങ്കേതങ്ങൾ മനുഷ്യന്റെ വീഴ്ച യ്ക്കു മുമ്പുണ്ടായിരുന്നതും പാപഫലമായി കോട്ടം സംഭ

വിച്ഛത്തമായ സ്ഥിതിയെക്കുറിക്കുന്നു (ഗ്രീ. 63:7; 7: 66; 12:3; 2:8 etc.)

50 യോഹ. 14:27 51 യോഹ. 10:10

52 യോഹ. 17:21 53 യോഹ. 17:6

54 സങ്കീ. 78:28 55 യോഹ. 6: 50

56 യോഹ. 14:6 57 യോഹ. 8: 12

58 ഫിലി. 2:11 59 യോഹ. 7: 38

60 മത്താ. 9:12 61 യോഹ. 4: 8

61 a ഈശ്വരസംപ്രീതിയുടെ പ്രതീകമാണു് ''പരമപ്രസാദം''. ആ നിലയ്ക്കു് തിരുശരീരത്തേയും രക്തത്തെയും പരമപ്രസാദം എന്ന ഒറ്റ പദംകൊണ്ടു് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

62 മത്താ. 6:9f 63 യോഹ. 13: 34-35

64 മത്താ. 5:16 65 2 കൊറീ. 13: 13

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
24/7/17		

DCH Library
0007463 0
F94 B469

I. S. PRESS, TRICHUR.